**കേരള സർക്കാർ**

നം.484861/എച്ച്.ബി.എ-2/101/2017/ധന

ധനകാര്യ (എച്ച്.ബി.എ) വകുപ്പ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
ഫോൺ നം.0471-2518898, 2322732
തീയതി:07/01/2022

അഡീഷണൽ ചീഫ് സെക്രട്ടറി
ധനകാര്യ വകുപ്പ്

ഡയറക്ടർ
സാമൂഹ്യ ക്ഷേമ വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം:- ധനകാര്യ വകുപ്പ്- ഭവന നിർമ്മാണ വായ്പ-യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നത് - വകുപ്പ് തല മോണിറ്ററിങ് നടത്തുന്നത് സംബന്ധിച്ച്.

സൂചന:-
1) 12/11/2009-ലെ G.O.(P)No.505/2009/Fin.
2) 29/09/2015-ലെ G.O.(P)No.430/2015/Fin.
3) 25/05/2021-ലെ G.O.(P)No.77/2021/Fin.
4) 06/12/2021-ലെ G.O.(P)No.165/2021/Fin.
5) 26/08/2019- ലെ ഇതേ നമ്പർ സർക്കാർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. KFC ചട്ടങ്ങൾ പ്രകാരം സർക്കാരിൽ നിന്നും ഭവന നിർമ്മാണ വായ്പയെടുത്തിട്ടുള്ള ജീവനക്കാർ വായ്പാ തുക കൈപ്പറ്റി ഭവന നിർമ്മാണത്തിന്/വീടും സ്ഥലവും വാങ്ങിക്കുന്നതിന് വിനിയോഗിക്കുകയും , ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പ് അധികാരികളിൽ നിന്ന് ആയതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കി അക്കൗണ്ടന്റ് ജനറൽ കാര്യാലയത്തിൽ സമർപ്പിക്കുകയും ചെയ്യേണ്ടിയിരുന്ന ഒരു വർഷകാലപരിധി സൂചന 2 പ്രകാരം രണ്ട് വർഷമായി ദീർഘിപ്പിച്ചിട്ടുള്ളതാണ്. സൂചന 3, 4 എന്നിവ പ്രകാരം, യഥാസമയം യൂ സി ഹാജരാക്കാത്തവർക്ക് ആയത് ഹാജരാക്കുന്ന മുറയ്ക്ക് പിഴപ്പലിശയിൽ ഇളവ് അനുവദിക്കുന്നതിന് സർക്കാർ അനുമതി നല്കിയിട്ടുണ്ട് . ഭവനവായ്പ ടി ആവശ്യത്തിന്

PDF processed with CutePDF evaluation edition www.CutePDF.com

തന്നെ വിനിയോഗിച്ചിട്ടുള്ളവർക്ക് പുതിയ നിരക്കിൽ പിഴപ്പലിശ കണക്കാക്കുന്നതിന് മാത്രം സൂചന 4 ലെ ഉത്തരവിന്റെ ആനുകൂല്യം പ്രയോജനപ്പെടുത്താൻ സാധിക്കുന്നതാണ്. വായ്പവിനിയോഗ സർട്ടിഫിക്കറ്റ് സമർക്കുന്നതിന് ചട്ടങ്ങൾ പ്രകാരം അനുവദിച്ചിട്ടുള്ള രണ്ട് വർഷം എന്ന കാലയളവിൽ മാറ്റം വരുത്തിയിട്ടില്ലാത്തതിനാൽ ശരിയായ വായ്പ വിനിയോഗം, വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിക്കൽ എന്നിവ സംബന്ധിച്ച സംബന്ധിച്ച വകുപ്പ്തല മോണിറ്ററിങ്, വകുപ്പ് മേധാവികൾ കർശനമായി നടത്തേണ്ടതാണ് എന്നറിയിക്കുന്നു.

വിശ്വസ്തതയോടെ,
ശ്രീകുമാർ എൻ
അഡിഷണൽ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കു വേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

144350/2022/B SJD

**കേരള സർക്കാർ**
**സംഗ്രഹം**

ധനകാര്യ വകുപ്പ് -സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കുമുള്ള ഭവനനിർമ്മാണ വായ്പ -വായ്പവിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുന്നത്- പിഴ പലിശ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എച്ച്.ബി.എ) വകുപ്പ്**

**സ.ഉ (അച്ചടി) നം.165/2021/ധന തിരുവനന്തപുരം,തീയതി,06/12/2021**

---

പരാമർശം :- 1)സ.ഉ (അച്ചടി) നം.505/2009/ ധന തീയതി 12/11/2009
2)സർക്കുലർ നം. 3/94/ ധന തീയതി 17/01/1994
3)സ.ഉ (അച്ചടി) നം.77/2021/ ധന തീയതി 25/05/2021

**ഉത്തരവ്**

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കിൾ 244 c (xxi ) പ്രകാരം ഭവനനിർമ്മാണ വായ്പ കൈപ്പറ്റി ഒരു വർഷത്തിനകം വായ്പ വിനിയോഗ സാക്ഷ്യപത്രം വകുപ്പ് മേധാവി മേലൊപ്പ് വച്ച് അക്കൗണ്ടന്റ് ജനറലിന് അയച്ചു കൊടുക്കേണ്ടതാണ് .സ.ഉ (അച്ചടി) നം.430/2015/ധന തീയതി 29/09/2015 ഉത്തരവ് പ്രകാരം ഈ കാലാവധി രണ്ടു വർഷമായി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.പല സാഹചര്യങ്ങളാൽ നിർദിഷ്ട സമയത്തിനുള്ളിൽ വായ്പാവിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കാനാവാത്തതിനാൽ വരുന്ന പിഴപ്പലിശ ഒഴിവാക്കി നല്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിച്ചു കൊണ്ടിരിക്കുന്നു.ഭവനനിർമ്മാണ വായ്പ നൽകുന്നത് ജീവനക്കാർക്ക് പാർപ്പിടം ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെ ആയതിനാൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) പ്ലോട്ട് മാറ്റത്തിനുള്ള അപേക്ഷ വായ്പ കൈപ്പറ്റി 3 വർഷത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്.പ്ലോട്ട് മാറ്റം അനുവദിക്കുകയാണെങ്കിൽ വായ്പ തുക എൻകാഷ് ചെയ്ത തീയതി മുതൽ പ്ലോട്ട് മാറ്റത്തിനുള്ള അപേക്ഷ സമർപ്പിച്ച തീയതി വരെയുള്ളതിന് 2.5% പിഴപ്പലിശ ഈടാക്കേണ്ടതാണ്.

2) വായ്പ വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കാൻ കാലതാമസമുണ്ടാകുന്ന കേസുകളിൽ വായ്പ വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കേണ്ട നിശ്ചിത കാലയളവ് മുതൽ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനം കെട്ടിട നമ്പർ നൽകുന്ന തീയതി വരെ പിഴ പലിശ 2.5% ഈടാക്കേണ്ടതും അതിന് ശേഷം വായ്പ വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുന്നത് വരെയുള്ള കാലയളവിന് 1.25% പിഴപ്പലിശ ഈടാക്കേണ്ടതുമാണ്.

3) വായ്പ വിനിയോഗ സാക്ഷ്യപത്രം നിർബന്ധമായും സമർപ്പിക്കണം എന്ന വ്യവസ്ഥയിൽ മാറ്റമില്ല.

4) പിഴപ്പലിശ അടച്ച കഴിഞ്ഞ കേസുകൾ വീണ്ടും പരിഗണിക്കുന്നതല്ല.

5) ടി ഭേദഗതികളോടെ മേൽ പരാമർശ ഉത്തരവുകൾ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സഞ്ജയ് എം കൗൾ IAS
ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറി

പകർപ്പ് :-

1) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ / ജി & എസ് .എസ് എ),കേരളം ,തിരുവനന്തപുരം
2) അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ് .എ ),കേരളം ,തിരുവനന്തപുരം
3) എല്ലാ വകുപ്പ് തലവന്മാർക്കും,ഓഫീസുകൾക്കും
4) സെക്രട്ടേറിയറ്റ് വകുപ്പുകളിലെ എല്ലാ സെക്ഷനുകൾക്കും
5) രജിസ്ട്രാർ,കേരള ഹൈക്കോടതി ,എറണാകുളം
6) എല്ലാ ഗവണ്മെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും,പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും,സെക്രട്ടറിമാർക്കും,സ്പെഷ്യൽ സെക്രട്ടറിമാർക്കും ,അഡീഷണൽ സെക്രട്ടറിമാർക്കും,ജോയിന്റ് സെക്രട്ടറിമാർക്കും,ഡെപ്യൂട്ടി സെക്രട്ടറിമാർക്കും,അണ്ടർ സെക്രട്ടറിമാർക്കും
7) ഗവർണറുടെ സെക്രട്ടറി,രാജ്ഭവൻ
8) ലെജിസ്ലേറ്റീവ് അസംബ്ലി സ് പീക്കറുടെ സെക്രട്ടറി
9) മുഖ്യമന്ത്രി,മറ്റ മന്ത്രിമാർ,ചീഫ് വിപ്പ് ,പ്രതിപക്ഷ നേതാവ് എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
10) ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി
11) സെക്രട്ടറി,കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം
12) പബ്ലിക് റിലേഷൻസ് ഡയറക്ടർ ,തിരുവനന്തപുരം

14) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഓംബുഡ്സ്മാൻ
15) ധനകാര്യ പരിശോധനാവിഭാഗം
16) നോഡൽ ഓഫീസർ ,www.finance.kerala.gov.in
17) സ്റ്റോക്ക് ഫയൽ /ഓഫീസ് പകർപ്പ് (1752833 )

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ